# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കണ്ണപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കണ്ണൂർ**
**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**
**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി3/1279/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 15/10/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി3/1279/2025 തീയ്യതി: 15/10/2025

# കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-07-2024 മുതൽ 20-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.വി.ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2025 | 31-07-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-07-2025 | 31-07-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.എസ്.എൽ,ഓഡിറ്റ് ഓഫീസർ ഹയർഗ്രേഡ്,
ശ്രീ.മനോജ്കുമാർ ടി ജോർജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ധന്യ.എം.വി,സീനിയർഗ്രേഡ് ഓഡിറ്റർ

ശ്രീ.അഭിഷേക.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രതി.കെ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.ജയ.ബി | സെക്രട്ടറി | 01-04-2024 | 05-09-2024 |
| ശ്രീ.രാജസുന്ദരൻ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-09-2024 | 03-10-2024 |
| ശ്രീ.ബാബുരാജ്.പി | സെക്രട്ടറി | 04-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രസന്നൻ.യു | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.രമ്യ.കെ.ആർ | മെഡിക്കൽ ഓഫീസർ - എഫ് എച്ച് സി | 01-04-2024 | 07-08-2024 |
| ഡോ.രാജേശ്വരി രാജ് | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി | 08-08-2024 | 31-03-2025 |
| ഡോ.അന്നത്ത് ആലീസ് ജോൺ | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.എ).വിജയ | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീമതി.ശ്രീലത.പി. | അസിസ്ററന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.അലീന ജോസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ.രാജസുന്ദരൻ.പി | അസിസ്ററന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി.നളിനി.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-കണ്ണപുരം ഈസ്ററ് | 01-04-2024 | 31-03-2025 |
| ശ്രീമതി.വൈഷ്ണവി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -കണ്ണപുരം വെസ്ററ് | 01-04-2024 | 31-03-2025 |
| ശ്രീ.രഞ്ജിത് കുമാർ.എം | ഹെഡ് മാസ്ററർ | 01-04-2024 | 13-06-2024 |
| ശ്രീ. ശിവജി.സി.കെ | ഹെഡ് മാസ്ററർ | 14-06-2024 | 31-03-2025 |
| ശ്രീമതി.ബീന.പി.വി | സീനിയർ ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 02-08-2024 |
| ശ്രീമതി.സ്മിത മാരാർ | സീനിയർ ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 03-08-2024 | 16-08-2024 |
| ശ്രീമതി.അശ്വതി.കെ.ടി | സീനിയർ ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-08-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി.സന്ധ്യകുമാരി.എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-1 |
| 3 | വായ്പാ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-2 |
| 4 | ബി-18 ഷെഡ്യൂൾ അപൂർണ്ണം | 1-1-3 |
| 5 | പാർട്ട് ബിൽ തുകകൾ ബി-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തുന്നില്ല | 1-1-5 |
| 7 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ അപാകം. | 1-1-6 |
| 8 | അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല. | 1-1-7 |
| 9 | താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | സാമൂഹ്യ സുരക്ഷ പെൻഷൻ - അധികം കൈപ്പറ്റിയ തുക തിരിച്ചടവാക്കിയില്ല. | 1-7-1 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണസംവിധാനം | 1-9 |
| 20 | ഗ്രാമസഭ | 1-10 |
| 21 | കമ്മിറ്റികളുടെ പ്രവർത്തനം | 1-11 |
| 22 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ. | 1-12 |
| 23 | വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു | 1-13 |
| 24 | വസ്തുനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-14 |
| 25 | അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 26 | വാടക - ബൈലോ തയ്യാറാക്കാത്തതും മറ്റ് അപാകങ്ങളും | 1-16 |
| 27 | കൃഷി ഭവനിലേക്ക് ഇൻവേർട്ടർ വാങ്ങൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ₹ 71800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 28 | കാർബൺ ന്യൂട്രൽ പഞ്ചായത്ത് -രേഖകൾ ഹാജരാക്കിയിട്ടില്ല ₹194538 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 29 | കിക്കോഫ് – എൽ പി യൂപി സ്കൂൾ കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം - പരിശീലകന് വേതനം നൽകൽ - ₹10000യുടെ ചെലവ് | 1-19 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു. | |
| 30 | എ.ബി.സി പോഗ്രാം- ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല.₹100000 തടസപ്പെടുത്തുന്നു. | 1-20 |
| 31 | ഐ.കെ.എം. പ്രവർത്തന വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.₹ 53210 തടസപ്പെടുത്തുന്നു | 1-21 |
| 32 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - 347201 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 33 | മെൻസ്ട്രുവൽ കപ്പ് ബോധവൽക്കരണവും വിതരണവും -മെൻസ്ട്രുവൽ കപ്പ് മുഴുവനായും വിതരണം ചെയ്തിട്ടില്ല -₹4200യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 34 | വയോജനങ്ങൾക്ക് സഹായ ഉപകരണവിതരണം - ഉപകരണം വിതരണം ചെയ്തിട്ടില്ല -8715 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 35 | കണ്ണപുരം ഗവ. ഹോമിയോ ഡിസ്പെൻസറിയ്ക്ക് ഇൻവെർട്ടർ വാങ്ങൽ - വിനിയോഗവിവരം ലഭ്യമല്ല ₹8,0000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 36 | കണ്ണപുരം ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - 91446 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 37 | കാലാവധി ദീർഘിപ്പിച്ചു നൽകുന്നത് ക്രമപ്രകാരമല്ല | 1-27 |
| 38 | ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കുന്നതിൽ വീഴ്ച. | 1-28 |
| 39 | ജലജീവൻ മിഷൻ പദ്ധതി -അവലോകനം | 1-29 |
| 40 | കണ്ണപുരം ഗ്രാമപഞ്ചായത്ത് - ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക ധനകാര്യ പത്രികകൾ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1)കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കണ്ണപുരം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 10-06-2025 തീയതിയിലെ 130/2025 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 10-06-2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 31-03- 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കണ്ണപുരം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,

15-10-2025.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 1-1-1 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങളായ വസ്തുനികുതി, തൊഴിൽനികുതി ട്രേഡേഴ്സ് തുടങ്ങിയവ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി

ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി, തൊഴിൽ നികുതി എന്നിവയ്ക്ക് ഡിമാൻഡ് രേഖപ്പെടുത്തിയിരിക്കുന്നത് 31-03-2025നാണ്.

## 1-1-2 വായ്പാ നീക്കിയിരിപ്പിൽ വ്യത്യാസം

വാർഷിക ധനകാര്യ പത്രികയിൽ വായ്പാ തിരിച്ചടവിനു ശേഷം ബാക്കിയുള്ളതായി രേഖപ്പെടുത്തിയ തുക യഥാർത്ഥത്തിൽ വരേണ്ടിയിരുന്ന തുകയേക്കാൾ കൂടുതലാണ്. എസ് സി പി ഫണ്ടിൽ നിന്ന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കുറവു ചെയ്ത തുക (10,04,380 +20000) പരിഗണിക്കാതെയാണ് ബാലൻസ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ വായ്പ തുക നിക്ഷേപിച്ചപ്പോൾ ലഭിച്ച ബാങ്ക് പലിശ ഇനത്തിൽ ലഭിച്ച തുകകളും (2023-24-2455, 2024-25-13436)ലോൺ ബാധ്യതയായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

## 1-1-3 ബി-18 ഷെഡ്യൂൾ അപൂർണ്ണം

2024-25 വർഷം കണ്ണപുരം ഗ്രാമ പഞ്ചായത്തിലെ കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ താഴെ ചേർക്കും പ്രകാരമുള്ള നിക്ഷേപ പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നമ്പറും പേരും | നിക്ഷേപ പ്രവൃത്തിക്കായി നൽകിയ തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 100/25 കൃഷി ഭവൻ അടിസ്ഥാന സൗകര്യ വികസനം-ഇൻവേർട്ടർ വാങ്ങൽ | 71800 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | എക്സിക്യൂട്ടീവ് എൻജിനീയർ , പൊതു മരാമത്ത് ഇലക്ടിക്കൽ വിഭാഗം, കണ്ണൂർ |
| 2 | മെഡിക്കൽ ഓഫീസർ ഹോമിയോ | 75/25 കണ്ണപുരം ഗവ. ഹോമിയോ ഡിസ്പൻസറിക്ക് ഇൻവെർട്ടർ വാങ്ങൽ | 80000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | ടി |
| ആകെ | | | 151800 | |

മേൽ പരാമർശിച്ച തുകകൾ ബി- 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-4 പാർട്ട് ബിൽ തുകകൾ ബി-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഭാഗികമായി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് ചെലവഴിച്ച തുക B-11 (B) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-5 സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്.

## 1-1-6 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ അപാകം.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6667488യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹23251392 യാണ്.

അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ ഈ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-7 അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-8 താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 24,88,654 | 68,01,632 |
| വരവ് | 17,07,20,435 | 18,33,74,096 |
| ആകെ | 17,32,09,089 | 19,01,75,728 |
| ചെലവ് | 1,697,99,893 | 18,40,52,083 |
| നീക്കിയിരിപ്പ് | 34,09,196 | 61,23,645 |

ഭരണസമിതിയുടെ 09-2-24 ലെ 47/2024 നമ്പർ തീരുമാനപ്രകാരം ബജറ്റും, ഭരണസമിതിയുടെ 26-03-25 ലെ 91/2025 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ അന്തരമുണ്ട്.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് (₹) | 77,41,929 |
| വരവ് (₹) | 4,23,28,612 |
| ആകെ (₹) | 5,00,70,541 |
| ചെലവ് (₹) | 3,56,61,124 |
| നീക്കിയിരിപ്പ് (₹) | 1,44,09,417 |
| വരവിനങ്ങളിലുള്ള നഷ്ടം (₹) | - |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | 9,61,110 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 12932000 | 12932000 | 12411725 | 520275 |
| വികസന ഫണ്ട്(എസ്.സി.പി.) | - | 2905000 | 2905000 | 1840000 | 1065000 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 9344000 | 9344000 | 7615089 | 1728911 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 5999000 | 5999000 | 4662544 | 1336456 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 102985 | 2179221+ 109834 (പലിശ)= 2289055 | 2392040 | 2147475 | 244565 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് ബാങ്ക് | 1003067 | 4843500 | 5846567 | 3017762 | 2828805 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് ട്രഷറി | - | 13926 | 13926 | 13926 | - |
| ശുചിത്വ മിഷൻ ഫണ്ട് | 169011 | - | 169011 | - | 169011 |
| ലൈബ്രറി ഗ്രാന്റ് | 16926 | 10440 | 27366 | 10440 | 16926 |
| അങ്കണവാടി പോഷകാഹാരം കേന്ദ്ര വിഹിതം | 591291 | 1449477 | 2040768 | 1550802 | 489966 |
| സാക്ഷരതാ ഫണ്ട് (സംസ്ഥാന വിഹിതം) | 1504 | 61 | 1565 | - | 1565 |
| വിദ്യാഭ്യാസ സഹായ പദ്ധതി ഓൺലൈൻ പഠനം കെ.എസ്.എഫ്.ഇ | 170000 | - | 170000 | - | 170000 |
| ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യം- കുടുംബശ്രീ ഫണ്ട് | 12026 | - | 12026 | - | 12026 |
| വിമുക്തി ഫണ്ട് | 15645 | - | 15645 | - | 15645 |
| ബഡ്സ് സ്കൂൾ ഗ്രാന്റ് | 452150 | 1731200 | 2183350 | 452150 | 1731200 |
| ആർദ്ര കേരളം പുരസ്കാരം | 400000 | - | 400000 | - | 400000 |
| ബ്ലോക്ക് | 619670 | - | 619670 | - | 619670 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് വിഹിതം (ലൈഫ് ഭവനം) | | | | | |
| ഹെൽത്ത് ഗ്രാന്റ്- ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ | 99996 | 326039 | 426035 | 85997 | 340038 |
| ഹെൽത്ത് ഗ്രാന്റ്- പി എച്ച് സി. ഹെൽത്ത് & വെൽനെസ് സെന്റർ ആയി ഉയർത്തൽ | 13230 | 530021 | 543251 | 5381 | 537870 |
| ലൈഫ് മിഷൻ - സംസ്ഥാന വിഹിതം | 25991 + 500000 (31-03-24 ന് വരവ് വന്ന തുക ലോണിൽ തെറ്റായി റെസീപ്റ്റ് ചെയ്തത് ജേണൽ ചെയ്ത് മാറ്റിയത്)= 525991 | 600000 | 1125991 | 600000 | 525991 |
| മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നുള്ള നഗരസഞ്ചയ ഗ്രാന്റ് | - | 2019819 | 2019819 | 2019819 | - |
| നാഷണൽ ഹെൽത്ത് മിഷൻ ഗ്രാന്റ് | - | 700000 | 700000 | 700000 | - |
| സ്വച്ഛ ഭാരത് അഭിയാൻ | - | 515210 | 515210 | 515210 | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 195 | 91731706 | 149 | 50024866 | 48 | 101 | 46 | 51.79 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|

| | എണ്ണം | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 19 | 17 | 8259718 | 6984662 | 84.5 |
| വെറ്റിനറി സർജൻ | 6 | 6 | 536650 | 530905 | 98.9 |
| മെഡിക്കൽ ഓഫീസർ- പി എച്ച് സി | 21 | 17 | 5045020 | 3744375 | 74.21 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 4 | 3 | 348000 | 298875 | 85.88 |
| ഹെഡ് മാസ്റ്റർ | 9 | 6 | 1427048 | 538474 | 37.73 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 3 | 88925 | 86625 | 97.41 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26 | 21 | 35316561 | 8789196 | 24.88 |
| ഐസിഡിഎസ് സൂപ്പർവൈസർ | 15 | 15 | 4279429 | 3767545 | 80.03 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 35 | 22 | 6743375 | 3904644 | 57.90 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 47 | 31 | 25223323 | 17339056 | 68.74 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 1846057 | 1785989 | 96.74 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 6 | 4 | 2617600 | 2254520 | 86.12 |
| ആകെ | 195 | 149 | 91731706 | 50024866 | 54.53 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 1000 | 1016260 | 1017260 | 1012870 | 4390 |
| തൊഴിൽകൂലി + മെറ്റീരിയൽ | | 19376870 | 19376870 | 19376870 | |
| ആകെ | 1000 | 20393130 | 20394130 | 20389740 | 4390 |

## 1-7-1 സാമൂഹ്യ സുരക്ഷ പെൻഷൻ - അധികം കൈപ്പറ്റിയ തുക തിരിച്ചടവാക്കിയില്ല.

2024-25 സാമ്പത്തിക വർഷം മരണപ്പെട്ടതു മൂലമോ മറ്റേതെങ്കിലും കാരണത്താലോ അർഹത നഷ്ടപ്പെട്ട ഗുണഭോക്താക്കൾ അധികം കൈപ്പറ്റിയ തുക സാമൂഹ്യ സൂരക്ഷാ പെൻഷൻ ലിമിറ്റഡിലേക്ക് തിരിച്ചടവാക്കിയ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി (നം.03/23.07.2025) മുഖേന ആവശ്യപ്പെട്ടതു പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ പ്രകാരം പെൻഷൻ അർഹത നഷ്ടപ്പെട്ട ചില ഗുണഭോക്താക്കൾ അധികം കൈപ്പറ്റിയ തുക സാമൂഹ്യ സൂരക്ഷാ പെൻഷൻ ലിമിറ്റഡിലേക്ക് തിരിച്ചടവാക്കാൻ ബാക്കിയുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അക്കൌണ്ട് നമ്പർ | സാമുഹ്യ സുരക്ഷ പെൻഷൻ | അധികം കൈപ്പറ്റിയ തുക | റിമാർക്ക്സ് |
|---|---|---|---|---|
| പത്മിനി വി വി | 67225701913 | കർഷക തൊഴിലാളി പെൻഷൻ | 22400 | |
| ഗോപാലൻ | 57050098287 | -- | 500 | വിവരങ്ങൾ സേവന സോഫ്റ്റ് വെയറിൽ |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമല്ല |
| ഭാർഗ്ഗവി പി പി | 67354143461 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10100 | -- |
| ഫെലിക്സ് വി | 67125106102 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1600 | -- |

മേൽ ഗുണഭോക്താക്കൾ അധികം കൈപ്പറ്റിയ തുക സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡിലേക്ക് തിരിച്ചടവാക്കാനുള്ള തുടർനടപടികൾ സ്വീകരിച്ച് ആയത് തിരിച്ചടവാക്കിയ വിവരം അറിയിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4763200 | 240 |
| വിധവ പെൻഷൻ | 11016800 | 631 |
| വാർദ്ധക്യകാല പെൻഷൻ | 33804400 | 2020 |
| ഭിന്നശേഷി പെൻഷൻ | 3480600 | 198 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 2750000 | 150 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07.2025 ന് 02.30 Pm മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 110 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണസംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പു വരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചു കൊണ്ടുള്ള ഉദ്യോഗസ്ഥസംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ

നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. നികുതി നികതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി, ലൈസൻസ് എന്നിവ സംബന്ധിച്ച ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ/രേഖകൾ ലഭ്യമല്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കും ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ജംഗമആസ്തികളിൽ ഉൾപ്പെടുത്തിയും തൊഴിലുറപ്പ് പദ്ധതി പ്രകാരം ആർജ്ജിച്ചെടുത്ത കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടുത്തിയും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ ആവശ്യമായ രേഖകൾ കൃത്യമായി തയ്യാറാക്കുന്നുണ്ട് എന്ന് പ്രതിമാസ യോഗങ്ങളിൽ അതാത് സ്റ്റാൻഡിംഗ് കമ്മറ്റികൾ വിലയിരുത്തേണ്ടതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ടി.ആർ.7എ) ഫോർമാറ്റിലുള്ള ക്യാഷ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി വരുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഫീൽഡ്തല പരിശോധനയിലൂടെ കെട്ടിടങ്ങളുടെ ഒക്കുപെൻസിക്കു ശേഷമുള്ള കൂട്ടിചേർക്കലുകൾ നികുതിക്ക് വിധേയമാക്കേണ്ടതാണ്. അനധികൃത നിർമ്മാണം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുന്നത് മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. പ്രവൃത്തി നിർവ്വഹിച്ചതിനു ശേഷം നീരിക്ഷണ കാലയളവിൽ (Defect Liability Period) ഉണ്ടാകുന്ന അറ്റകുറ്റ പണികൾ പ്രസ്തുത കരാറുകാരനെ കൊണ്ട് തന്നെ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പി.ഡബ്ല്യൂ.ഡി മാന്വലിൽ നിഷ്കർഷിച്ചത് പ്രകാരമുള്ള പിഴ ഈടാക്കാതെ ഭരണസമിതി തീരുമാനപ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് ഒറിജിനൽ കാലാവധിയുടെ പകുതിയിലധികം നീട്ടി നൽകുന്നത് ക്രമപ്രകാരമല്ല. പൊതുമരാമത്ത് ചട്ടങ്ങൾക്ക് വിധേയമായി മാത്രം കാലാവധി ദീർഘിപ്പിച്ചു നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. 2023-24 വർഷത്തിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തി, ഭൂനികുതി ഒടുക്കിയിട്ടില്ല എന്നത് പോരായ്മയാണ്.

മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ഗ്രാമസഭ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ 2024-25 വർഷം 14 വാർഡുകളിലും 3 തവണ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ജൂലൈ,ഒക്ടോബർ, ജനുവരി മാസങ്ങളിലാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. 2024-25 വാർഷിക പദ്ധതി രൂപീകരണം, ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യസുരക്ഷ പെൻഷൻ – ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, മാലിന്യസംസ്കരണം, ഡിജിറ്റൽ സാക്ഷരത മുതലായവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയും ഗ്രാമസഭ കൂടി തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭാ മിനുട്സ് അതത് ഗ്രാമസഭകളിൽ പങ്കെടുക്കുന്നവരിൽ 15 പേരെങ്കിലും സാക്ഷ്യപ്പെടുത്തി ഒപ്പുവയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നിയമാനുസൃത ഗ്രാമസഭ കൾക്ക് പുറമെ ജനുവരി മാസത്തിൽ ഭിന്നശേഷി ഗ്രാമസഭ, പട്ടിക ജാതി ഗ്രാമസഭ, വയോജന ഗ്രാമസഭ, വനിത ഗ്രാമസഭ, കുട്ടികളുടെ ഗ്രാമസഭ തുടങ്ങിയ പ്രത്യേക ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്.

## 1-11 കമ്മിറ്റികളുടെ പ്രവർത്തനം

ഗ്രാമ പഞ്ചായത്തിൽ, ഭരണസമിതി, സ്റ്റിയറിംഗ് കമ്മിറ്റി, കൂടാതെ വിവിധ തലത്തിലുള്ള 4 സ്റ്റാൻഡിംഗ് കമ്മിറ്റികൾ (ധനകാര്യം, വികസനം, ക്ഷേമം, ആരോഗ്യം) രൂപീകരിച്ചിട്ടുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റികൾ

കൃത്യമായി യോഗം ചേരുകയും ഭരണപരമായ തീരുമാനങ്ങൾ ഭരണസമിതിയ്ക് ശിപാർശ ചെയ്യുന്നുമുണ്ട്. എന്നാൽ ഭരണസമിതി, സ്റ്റാൻഡിംഗ് കമ്മിറ്റികൾ യോഗങ്ങൾ ചേർന്നശേഷം തീരുമാനങ്ങൾ പ്രസിഡന്റിന്റെ അംഗീകാരത്തിനയക്കാൻ കാലതാമസം നേരിടുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| കമ്മിറ്റിയുടെ പേര് | യോഗ തീയതി | മിനുട്സ് അംഗീകാരത്തിനായി അയച്ച തീയതി | അംഗീകരിച്ച തീയതി |
|---|---|---|---|
| ഭരണസമിതി | 10-01-25 | 22-04-25 | 22-04-25 |
| ഭരണസമിതി | 21-01-25 | 21-5-25 | 21-5-25 |
| ധനകാര്യം | 08-01-25 | 24-03-25 | 24-03-25 |
| ആരോഗ്യം | 10-02-25 | 1-04-25 | 1-04-25 |

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിറ്റ്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. ആയതു പ്രകാരം മിനിറ്റ്സ് പൂർത്തീകരിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല. ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.
വർക്കിംഗ് ഗ്രൂപ്പ് യോഗ മിനുട്സിൽ പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ച് നടന്നിട്ടുള്ള ചർച്ചകളോ, തീരുമാനങ്ങളോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വികസന സെമിനാറിനോടനുബന്ധിച്ച് രണ്ട് തവണ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നടത്തിയ ചർച്ചകളെപ്പറ്റിയും മറ്റു നിർദ്ദേശങ്ങളും വിശദമായി മിനുട്സിൽ രേഖപ്പെടുത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗമിനിട്സുകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ്. മിക്ക ഫയലുകളിലും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.
പ്രൊക്യുർമെന്റ് കമ്മിറ്റി 2024-25 ൽ യോഗം ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുമുണ്ട്. എന്നാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകാരത്തോടെ മാത്രം പർച്ചേസുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 16,17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ചെയ്യുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.
1) ഗ്രാമ പഞ്ചായത്ത് പരിധിയിലെ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.
3) ഗ്രാമ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/23.07.2025) മറുപടിയായി ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും ഗ്രാമ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ

ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു

22.03.2023 ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫാറം ൽ സമർപ്പിക്കപ്പെട്ട വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്.
കണ്ണപുരം ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/23.07.2025) മറുപടിയായി പഞ്ചായത്തിൽ ഇതുവരെ 357 9ബി ഫോറം അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും, ജി ഐ എസ് മാപ്പിങ്ങ് നടപ്പിലാക്കാൻ ആവശ്യമായ ഫണ്ട് കണ്ടെത്താൻ സാധിക്കാത്തതിനാൽ മേൽ ഉത്തരവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ വിവരശേഖരണം പൂർത്തിയാക്കി വസ്തു നികുതി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല**

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം രണ്ട് നില വരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, മതപരമായ കെട്ടിടങ്ങൾ, ഗ്രൂപ്പ് G1, G2, I ഒക്യുപൻസികൾക്ക് കീഴിലുള്ള കെട്ടിടങ്ങൾ എന്നിവ ഒഴികെയുള്ളവയിൽ, ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. കണ്ണപുരം ഗ്രാമ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല എന്ന മറുപടിയാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ചത്. കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഒക്യുപ്പൻസി ലഭ്യമായതിനു ശേഷം സംഭവിച്ചേക്കാവുന്ന പല നിയമലംഘനങ്ങളും കണ്ടെത്തുന്നതിന് (പാർക്കിംഗിന് ലഭ്യമായ സ്ഥലം അടച്ചുകെട്ടി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുക, കെട്ടിടത്തോട് അനുബന്ധിച്ച് പല കൂട്ടിച്ചേർക്കലുകളും വരുത്തുക തുടങ്ങിയവ) പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് സഹായകരമാകും.

## 1-14 വസ്തുനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വസ്തുനികുതിയുമായി ബന്ധപ്പെട്ടു നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. **തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് വരുത്തിയിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. താഴെക്കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ തറനിർമ്മിതി, മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവകൊണ്ടുള്ളതാണ് എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മേൽത്തരം തറനിർമ്മിതിയുള്ള 250 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു

നികുതിയുടെ 15% വർദ്ധനവ് കൂടി ഈടാക്കേണ്ടതുണ്ടെങ്കിലും ഈ കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കുമ്പോൾ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് വരുത്തിയിട്ടില്ല.

| വാർഡ് നം./ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | തറവിസ്തീർണം (ച.മീ.) | ഉപയോഗക്രമം |
|---|---|---|---|
| 8/450 A,B,B1,B2,B3,B4,B5, B6,C,D,E,F,G | അബ്ദുൾ സലാം ഷാഹിന റംല സാജിത | 542.75 | വാണിജ്യാവശ്യം-500 ച.മീ മുകളിൽ |
| 11/345 A,B,C | പാലോട്ട് സുനിൽ | 536.29 | വാണിജ്യാവശ്യം-500 ച.മീ മുകളിൽ |
| 3/577 A10,A11,A6, A6(1),B7,B8,C5 | കെ വി പവിത്രൻ | 1393.53 | വാണിജ്യാവശ്യം-500 ച.മീ മുകളിൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(28/29.07.2025) മറുപടിയായി നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണെന്നും സോഫ്റ്റ്‌വെയറിലെ ഈ പിഴവ് ഐ കെ എമ്മിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽത്തരം തറനിർമ്മിതിയുള്ള 250 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 15% വർദ്ധനവ് കൂടി ഈടാക്കുന്നതിന് സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി പ്രസ്തുത വിഷയം IKM ന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

2. **ഉപയോഗക്രമം വ്യത്യസ്തമായി രേഖപ്പെടുത്തിയത്**

ഗ്രാമപഞ്ചായത്തിലെ 2024-25 കാലയളവിലെ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട ചുവടെ ചേർത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ അവയുടെ ഉപയോഗക്രമം വ്യത്യസ്തമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/ കെട്ടിട നമ്പർ | സഞ്ചയ പ്രകാരമുള്ള ഉപയോഗക്രമം |
|---|---|---|---|---|
| 1 | റാഷിദ് പി | റിച്ചൂസ് ബിൽഡേഴ്സ് ബിൽഡിംഗ് പ്ലാൻ തയ്യാറാക്കൽ | 3/282 | ആശുപത്രികൾ |
| 2 | ടിവി ഹരിദാസൻ | ഹരിദാസ് സ്റ്റോർ അനാദികച്ചവടം | 13/503 | പാർപ്പിടാവശ്യം |
| 3 | കടവത്ത് വളപ്പിൽ പ്രതിഭ | കെ വി വുഡ് പ്രോഡക്ട്സ് ഫർണ്ണിച്ചർ നിർമ്മാണം | 5/416 | പാർപ്പിടാവശ്യം |
| 4 | ഷൈജു ചുള്ളിപ്പുറം | എസ് ജെ ഇല്ക്ട്രോപതി ക്ലിനിക്ക് | 4/732 | പാർപ്പിടാവശ്യം |
| 5 | പറമ്പത്ത് ബാലൻ | മിനി ടേബിൾ ഫർണ്ണിച്ചർ നിർമ്മാണം | 9/281 | സർക്കാർ ഓഫീസ് കെട്ടിടം |
| 6 | ദേവേന്ദ്രൻ എം | പ്രിയങ്ക ഓൾഡ് സ്ക്രാപ്പ്സ് | 4/809 | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| | | ആക്രികച്ചവടം | | |
| 7 | പൊങ്കാരൻ രഞ്ജിത്ത് | കണ്ണപുരം സോമിൽ | 11/368 | ഓഫീസ് കെട്ടിടം |
| 8 | ഉമേഷ് കമാർ പി | എം വി ട്രേഡേഴ്സ് ആന്റ് കോക്കനട്ട് ഓയിൽ മിൽ | 3/627 | പാർപ്പിടാവശ്യം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/29.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ് .എ2/2023/നിയമം ഉത്തരവ് പ്രകാരം (2023ലെ 18-ാം ആക്ട്) 01-04-2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബിഎ) ഖണ്ഡിക റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01-04-2023 മുതൽ സർക്കാരിന്റെ അംഗീകാരം ഉള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും അനുവദിച്ചിരുന്ന വസ്തു നികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ട്.
കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ തൊഴിൽനികുതി രജിസ്റ്റർ പരിശോധനയിൽ ബക്കീത്ത ഇംഗ്ലീഷ് മീഡിയം സ്കൂൾ, ബേബി നേഴ്സറി ആന്റ് പ്രൈമറി ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ 2024-25 സാമ്പത്തിക വർഷം പ്രവർത്തിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഇതുവരെയായി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/23.07.2025) മറുപടിയായി ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച വിദ്യാലയങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 വാടക - ബൈലോ തയ്യാറാക്കാത്തതും മറ്റ് അപാകങ്ങളും

1. പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് നൽകുമ്പോൾ 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലാകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പിലെ 1 ാം ഉപവകുപ്പ്, 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങളിലെ 7 ാം ചട്ടം എന്നിവ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് വാടക ബൈലാ തയ്യാറാക്കി ആയതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. മേൽ നിർദ്ദേശങ്ങൾ പ്രകാരം വാടക ബൈലോ തയ്യാറാക്കി ഇതുവരെയായും അംഗീകാരം വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/25.07.2025) മറുപടിയായി ബൈലോ തയ്യാറാക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. വാടക ബൈലോ തയ്യാറാക്കി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ അംഗീകാരം വാങ്ങി വിവരം അറിയിക്കേണ്ടതാണ്.
2. കൃഷിഭവൻ കോംപ്ലക്സിലെ കടമുറി വാടകയ്ക്ക് നൽകാൻ 20.02.2024, 06.03.2024 എന്നീ തീയതികളിൽ ലേലവും പുനർ ലേലവും നടത്തിയിരുന്നു. ആരും തന്നെ ലേലത്തിലും പുനർ ലേലത്തിലും പങ്കെടുക്കാത്തതിനാൽ പ്രസതുത കടമുറി 2024-25 സാമ്പത്തിക വർഷത്തിൽ വാടകയ്ക്ക് നൽകിയിരുന്നില്ല. ഈ കടമുറിയുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2025-26 വർഷത്തേക്കുള്ള ലേല നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വരുമാന നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 കൃഷി ഭവനിലേക്ക് ഇൻവേർട്ടർ വാങ്ങൽ -വിനിയോഗ സാക്ഷ്യപത്രം

**ഹാജരാക്കിയില്ല ₹ 71800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 100/25, കൃഷി ഭവൻ അടിസ്ഥാന സൗകര്യ വികസനം – ഇൻവേർട്ടർ വാങ്ങൽ |
| അടങ്കൽ | ₹ 90000 – മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹ 71800 (ബിൽ നം. 479/25.03.2025) |

കൃഷിഭവന്റെ സേവനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓഫീസിലേക്ക് ഇൻവേർട്ടർ വാങ്ങാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി 71800 രൂപ പി ഡബ്ല്യൂ ഡി ഇലക്ട്രിക്കൽ വിഭാഗം കണ്ണൂരിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/27.07.2025) പദ്ധതി പൂർത്തീകരിച്ചിട്ടില്ലെന്ന് മറുപടി നല്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ₹71800 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-18 കാർബൺ ന്യൂട്രൽ പഞ്ചായത്ത് -രേഖകൾ ഹാജരാക്കിയിട്ടില്ല ₹194538 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 110/25, കാർബൺ ന്യൂട്രൽ പഞ്ചായത്ത് – പഴവർഗ്ഗം – തെങ്ങ് കവുങ്ങ് കുരുമുളക് മുതലായ നാണ്യവർഗ്ഗങ്ങളുടെ പുതിയ തോട്ടം ഒരുക്കൽ |
| അടങ്കൽ<br>ആകെ | ₹50000 – വികസനഫണ്ട് പൊതുവിഭാഗം<br>₹111520 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ബേസിക്ക്<br>₹41680 – ഗുണഭോക്തൃ വിഹിതം<br>₹203200 |
| ചെലവ്<br>ആകെ | 1.₹49998 – വികസനഫണ്ട് പൊതുവിഭാഗം സാധരണ വിഹിതം (ബിൽ നം. 426/17.03.2025)<br>2.₹108054 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ബേസിക്ക് (ബിൽ നം. 432/19.03.2025)<br>3.₹36486– ഗുണഭോക്തൃ വിഹിതം<br>₹194538 |

കണ്ണപുരം ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണമായി കാർബൺ ന്യൂട്രൽ പഞ്ചായത്താക്കി മാറ്റുകയും കൃഷിയിടങ്ങൾ തരിശിടാതെ സംരക്ഷിക്കുകയും പുരയിടങ്ങൾ ഉൾപ്പടെ സമ്പൂർണ്ണമായും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയുമാണ് പദ്ധതി ലക്ഷ്യം. ഇതിനായി പഴവർഗ്ഗങ്ങൾ നാണ്യവർഗ്ഗങ്ങൾ എന്നിവയുടെ തൈകൾ കർഷകരുടെ താൽപര്യം അനുസരിച്ച് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ.(കൈ.) നം.115/2022 തസ്വഭവ തീയതി.28.05.2022) ഖ.3-1 പ്രകാരം പ്രസ്തുത മാർഗ്ഗരേഖയിൽ യൂണിറ്റ് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത ഇനങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്. കണ്ണൂർ ജില്ലാ

ആസൂത്രണസമിതിയുടെ നം. 707/2022/ഡി പി സി/ഡിപി ഒ/ കെ എൻ ആർ/14.8.23 പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട ആസ്തികളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ നടീൽവസ്തുക്കളുടെ യൂണിറ്റ് കോസ്റ്റ് അഗ്രിക്കൾച്ചറൽ ഡെവലപ്മെന്റ് & ഫാർമേഴ്സ് വെൽഫയർ ഡിപ്പാർട്ട്മെന്റിന്റെ ADFW/225/2021-TH1 തീയതി 23.02.2021 നമ്പർ ഉത്തരവ് പ്രകാരമുള്ള നിരക്ക് ആയിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഴവർഗ്ഗങ്ങൾ നാണ്യവർഗ്ഗങ്ങൾ എന്നിവയുടെ തൈകൾ മേൽ ഉത്തരവിൽ പ്രതിപാദിച്ച യൂണിറ്റ് കോസ്റ്റിൽ അധികരിച്ചാണ് വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉത്തരവിലെ ക്രമ നം. | തൈകൾ | ഉത്തരവിലെ യൂണിറ്റ് കോസ്റ്റ് | സ്ഥാപനം/ സ്ഥാപനം ഈടാക്കിയ യൂണിറ്റ് കോസ്റ്റ് (₹) | വാങ്ങിയ തൈകളുടെ എണ്ണം | വാങ്ങിയ വില (₹) | ഉത്തരവ് പ്രകാരം നൽകേണ്ടിയിരുന്ന വില (₹) | നൽകിയ തുക | വ്യത്യാസം |
|---|---|---|---|---|---|---|---|---|
| 62 | മോഹിത് നഗർ കവുങ്ങ് തൈകൾ | 30 | കണ്ണപുരം ഗ്രാമ പഞ്ചായത്ത് എക്കോ ഷോപ്പ്/ 35 | 1923 | 67305 (ഇൻവോയിസ് നം. 187/ 16.03.2025) | 57690 (₹43268 + ₹14422 – ഗുണഭോക്തൃ വിഹിതം) | ₹49998 – ബിൽ നം. 426/ 17.03.2025 + ₹17307 (ഗുണഭോക്തൃ വിഹിതം) = 67305 | ₹9615 = ₹67305- ₹57690 |
| 62 | മോഹിത് നഗർ കവുങ്ങ് തൈകൾ | 30 | കണ്ണപുരം ഗ്രാമ പഞ്ചായത്ത് എക്കോ ഷോപ്പ്/ 35 | 829 | 29015 (ഇൻവോയിസ് നം. 188/ 17.03.2025) | 24870 (₹18653 + ₹6217 – ഗുണഭോക്തൃ വിഹിതം) | ₹21554 (ബിൽ നം.432/ 19.03.2025) + ₹7461 (ഗുണ ഭോക്തൃ വിഹിതം) = ₹29015 | ₹4145 = ₹29015- ₹24870 |
| 18 | പ്ലാവ് ബഡ് | 75 | കാർഷിക സേവന കേന്ദ്രം കാങ്കോൽ/ 125 | 320 | 40000 (ഇൻവോയിസ് നം. കെ എസ് കെ 1867/ 17.03.2025) | 24000 | ₹86500 (ബിൽ നം. 432/19.03.2025) +₹29025 (ഗുണ ഭോക്തൃ വിഹിതം) = ₹115525 | ₹61775= ₹115525- ₹53750 (24000+ 17800+ 4750+ 1800+ 5400) |
| 50 | റംബൂട്ടാൻ ബഡ് | 200 | കാർഷിക സേവന കേന്ദ്രം കാങ്കോൽ /300 | 89 | 26700 (ഇൻവോയിസ് നം. കെ എസ് കെ 1867/ 17.03.2025) | 17800 | | |
| 14 | പേര ലേയർ | 50 | കാർഷിക സേവന കേന്ദ്രം കാങ്കോൽ / 135 | 95 | 12825 (ഇൻവോയിസ് നം. കെ എസ് കെ 1867/ 17.03.2025) | 4750 | | |
| 6 | അവക്കാഡോ* | 18 | കാർഷിക സേവന കേന്ദ്രം കാങ്കോൽ/ 180 | 100 | 18000 (ഇൻവോയിസ് നം. കെ എസ് കെ 1867/ 17.03.2025) | 1800 | | |
| 28 | മാംഗോ സ്റ്റീൻ സീഡ്ലിംഗ്സ് | 90 | കാർഷിക സേവന കേന്ദ്രം കാങ്കോൽ/ 200 | 60 | 18000 (ഇൻവോയിസ് നം. കെ എസ് കെ 1867/ 17.03.2025) | 5400 | | |

| ആകെ | | | | | | | | ₹75535 |
|---|---|---|---|---|---|---|---|---|

*അവക്കാഡോ സീഡ് ആണോ തൈ ആണോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല. സീഡ് എന്ന നിലയിലാണ് മേൽ പട്ടികയിൽ നഷ്ടം കണക്കാക്കിയിട്ടുള്ളത്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/27.07.2025) മറുപടിയായി പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ.(കൈ.) നം.115/2022 തസ്വഭവ തീയതി.28.05.2022) ഖണ്ഡിക 6.1.5 ൽ പരാമർശിച്ചിട്ടുള്ള വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നാണ് പ്രസ്തുത പഴവർഗ്ഗങ്ങൾ, നാണ്യവർഗ്ഗങ്ങൾ എന്നിവയുടെ തൈകൾ വാങ്ങിയിട്ടുള്ളതെന്നും ടി സ്ഥാപനങ്ങളിൽ നിന്നും ഗുണമേന്മ ഉറപ്പാക്കി യഥാർഥ വില നൽകി വാങ്ങാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളാണെന്ന് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹194538 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 കിക്കോഫ് – എൽ പി യൂപി സ്കൂൾ കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം - പരിശീലകന് വേതനം നൽകൽ - ₹10000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവൺമെന്റ് എൽ പി സ്ക്കൂൾ |
| പ്രോജക്ട് നമ്പർ, പേര് | 174/25, കിക്കോഫ് – എൽ പി യൂപി സ്കൂൾ കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം |
| അടങ്കൽ | ₹100000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹5000 (തനത് ഫണ്ട്)<br>₹105000 ആകെ |
| ചെലവ് | ₹87775 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>(BRN. 24190152025701040955/16.12.2024) |

ഗ്രാമ പഞ്ചായത്തിലെ എൽ പി, യൂപി സ്കൂൾ കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുകയാണ് പ്രോജക്ട് ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.
1. 26.07.2023 ലെ സ.ഉ(സാധാ) നം.1528/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കായിക പരിശീലനം നൽകുന്ന അദ്ധ്യാപകരുടെ യോഗ്യത, വേതനം, സമയക്രമം എന്നിവ നിശ്ചയിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം കായികാദ്ധ്യാപകർക്ക് ഒരു മണിക്കൂറുള്ള ഒരു സെഷനു 500 രൂപയാണ് വേതനം. ലഭ്യമാക്കിയ ഹാജർപ്പട്ടിക പ്രകാരം 30 ദിവസം പരിശീലനം നൽകിയതായി കാണുന്നു. 30 കുട്ടികൾക്ക് ഒരു മാസം പരിശീലനം നൽകാൻ പരിശീലകരെ ക്വട്ടേഷൻ മുഖേനയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഷിബു കെ വി, മലബാർ സോക്കർ അക്കാദമി എന്നവരുടെ ബാങ്ക് അക്കൌണ്ടിലേക്ക് 25000 രൂപ (BRN. 24190152025701040955/16.12.2024) നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം പരിശീലകനു 15000 രൂപയാണ് നൽകേണ്ടിയിരുന്നത് (30*500=15000). ₹10000 (25000-15000=10000) അധികം നൽകിയതിനു വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
2. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.09/25.07.2025) മറുപടിയായി പ്രസ്തുത പദ്ധതി പൂർണ്ണമായും 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയതാണെന്നും മുൻ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും കൈപ്പറ്റിയ പ്രോജക്ടിന്റെ ബില്ലുകൾ ഭരണസമിതി അംഗങ്ങളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പാസ്സാക്കി നൽകിയെതെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി തൃപ്തികരമല്ല. ഈ സാഹചര്യത്തിൽ അധികമായി നൽകിയ തുക ₹10000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 എ.ബി.സി പോഗ്രാം- ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല.₹100000 തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ | സെക്രട്ടറി |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| പ്രോജക്ട് നമ്പർ/ പേര് | 5/25<br>എ.ബി.സി പോഗ്രാം- ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ |
| അടങ്കൽ | ₹100000 വികസന ഫണ്ട് സാധാരണ വിഹിതം |
| ചെലവ് | ₹100000, ബിൽ നമ്പർ - 242/17-12-2024 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി. പദ്ധതി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹100000 ഗ്രാമപഞ്ചായത്ത് വിഹിതമായി കണ്ണൂർ ജില്ലാ പഞ്ചായത്തിന് (അക്കൗണ്ട് നം.799011400000958) നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ഇതേ വരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പം (എൻക്വയറി നമ്പർ-12/25-07-2025) പ്രസ്തുത തുക വിനിയോഗിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതാണെന്ന കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് ലഭ്യമാക്കുകയാണ് ചെയ്തിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ കൈമാറിയ തുകയായ ₹100000 തടസ്സപ്പെടുത്തുന്നു.

## 1-21 ഐ.കെ.എം. പ്രവർത്തന വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.₹ 53210 തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 02/25<br>ഐ.കെ.എം വിഹിതം അടക്കൽ |
| അടങ്കൽ | ₹ 53210 വികസന ഫണ്ട്, പൊതു വിഭാഗം |
| ചെലവ് | ₹ 53210,<br>ബിൽ നമ്പർ - 243/17-12-2024 |

മേൽ സൂചിപ്പിച്ച പ്രോജക്ട് പ്രകാരമുള്ള തുക ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ഇതേ വരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നമ്പർ-11/25-07-2025) വിനിയോഗ സാക്ഷ്യ പത്രം ലഭിക്കുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് (ഐ.കെ.എം) കത്ത് നൽകിയിട്ടുണ്ടെന്നും സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നുമാണ് അറിയിച്ചത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹ 53210 തടസപ്പെടുത്തുന്നു.

## 1-22 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - 347201 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കണ്ണപുരം കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിന് ₹700000 താഴെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച് .സി |
| പ്രൊജക്ട് നമ്പർ / പേര് | 39/25 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹700000 മെയിന്റൻസ് ഫണ്ട്-റോഡിതരം |

| | |
|---|---|
| ചെലവ് | ₹616925/299/21.01.2025<br>₹83075/449/21.03.2025<br>ആകെ – ₹700000 |

മേൽ പദ്ധതി പ്രകാരം ആകെ ചെലവഴിച്ച ₹700000 യിൽ ₹502080 (ബിൽ നം/തീ. 299/21.01.2025) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് (A/C NO 3624005700000027) കൈമാറിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ലഭ്യമല്ലാത്തത് സംബന്ധിച്ച് 31.07.2025 ന് നൽകിയ 31ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ₹154879 യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെന്നും ₹347201 യുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ടെന്നും സ്റ്റോക്കിലെടുക്കുന്ന മുറക്ക് ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ലഭ്യമാകുവാൻ ബാക്കിയായ മരുന്നുകളുടെ തുക ₹347201 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 മെൻസ്ട്രുവൽ കപ്പ് ബോധവൽക്കരണവും വിതരണവും -മെൻസ്ട്രുവൽ കപ്പ് മുഴുവനായും വിതരണം ചെയ്തിട്ടില്ല -₹4200യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി |
| പ്രൊജക്ട് നം., പേര് | 47/25 മെൻസ്ട്രുവൽ കപ്പ് ബോധവൽക്കരണവും വിതരണവും |
| അടങ്കൽ | ₹25000 വികസന ഫണ്ട് (ജനറൽ) |
| ചെലവ് | ₹22499/- ബിൽ നമ്പർ - 374/07.03.2025 |

സ്ത്രീകൾക്ക് പാർശ്വഫലങ്ങൾ ഇല്ലാത്ത മെൻസ്ട്രുവൽ കപ്പ് ഉപയോഗിക്കാൻ വേണ്ടി ബോധവൽക്കരണം നടത്തി വിതരണം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയാണിത്. ലൈഫ്കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ₹22499 ചെലവഴിച്ച് 75 മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയിട്ടുണ്ട്. ആയതിൽ 61 മെൻസ്ട്രുവൽ കപ്പുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 14 മെൻസ്ട്രുവൽ കപ്പുകൾ (Small-6, Medium-7, Large-1) വിതരണം ചെയ്തിട്ടില്ലാത്തതിന്റെ കാരണം സംബന്ധിച്ച് 30.07.2025 ന് നൽകിയ 32ാം നമ്പർ എൻക്വയറിക്ക് മറുപടിയായി 75 മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയതിൽ 61 എണ്ണം ഗുണഭോക്താക്കൾ നേരിട്ട് ആശുപത്രിയിൽ നിന്നും കൈപ്പറ്റിയതാണെന്നും ബാക്കി 14 എണ്ണം ആശാവർക്കർ മുഖേന എത്തിച്ച് നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 14 മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്യാത്തതിനാൽ ₹4200 യുടെ(300x14) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 വയോജനങ്ങൾക്ക് സഹായ ഉപകരണവിതരണം - ഉപകരണം വിതരണം ചെയ്തിട്ടില്ല -8715 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ , പേര് | 114/25, വയോജനങ്ങൾക്ക് സഹായ ഉപകരണ വിതരണം (സ്പിൽ ഓവർ) |
| അടങ്കൽ | ₹193865 വികസന ഫണ്ട് (പൊതു വിഹിതം) |
| ചെലവ് | ₹193865 ബിൽ നമ്പർ - 20/09-5-25 |

വയോജനങ്ങൾക്ക് സഹായ ഉപകരണവിതരണം ചെയ്യുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണിത്. ഇതിനായി ₹193865 കെൽട്രോണിന്റെ അക്കൗണ്ടിൽ (10643438201) നൽകുകയും 17 ഗുണഭോക്താക്കൾക്കായി 20 ഹിയറിംഗ് എയ്ഡ്, 4 ഫോൾഡിംഗ് വാക്കർ, 3 ഫോൾഡിംഗ് വീൽ ചെയർ എന്നിവ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ഒരു ഫോൾഡിംഗ് വീൽ ചെയർ വിതരണം ചെയ്തിട്ടില്ലെന്ന് വ്യക്തമായിട്ടുണ്ട്. ആയതിന്റെ കാരണം അറിയിക്കേണ്ടത് സംബന്ധിച്ച് 30.07.2025 ന് നൽകിയ 30ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 17

ഗുണഭോക്താക്കളിൽ ബാലകൃഷ്ണൻ നായർ എന്ന ഗുണഭോക്താവ് മരണപ്പെട്ടതിനാൽ വീൽ ചെയർ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലായെന്നും 2024-25 സാമ്പത്തിക വർഷം വയോജനങ്ങൾക്ക് സഹായ ഉപകരണ വിതരണം പദ്ധതി നിർവ്വഹിച്ചിരുന്നെങ്കിലും അർഹരായ ഗുണഭോക്താവിനെ ലഭ്യമായിരുന്നില്ലയെന്നും 2025-26 സാമ്പത്തിക വർഷം അർഹരായ ഗുണഭോക്താവിനെ ലഭിച്ചാൽ വീൽ ചെയർ വിതരണം ചെയ്യുന്നതാണെന്നുമാണ് അറിയിച്ചത്. പദ്ധതി പ്രകാരം വാങ്ങിയ ഉപകരണം വിതരണം ചെയ്യാത്തതിനാൽ ₹8715യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 കണ്ണപുരം ഗവ. ഹോമിയോ ഡിസ്പെൻസറിയ്ക്ക് ഇൻവെർട്ടർ വാങ്ങൽ - വിനിയോഗവിവരം ലഭ്യമല്ല ₹8,0000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 75/25<br>കണ്ണപുരം ഗവ. ഹോമിയോ ഡിസ്പെൻസറിയ്ക്ക് ഇൻവെർട്ടർ വാങ്ങൽ |
| അടങ്കൽ | ₹80000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് (ബിൽ നം. തീയതി) | ₹80000 (ബിൽ നമ്പർ – 421/17.03.2025) |

കണ്ണപുരം ഗ്രാമപഞ്ചായത്ത് ഗവ. ഹോമിയോ ഡിസ്പെൻസറിയുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി ഇൻവെർട്ടർ വാങ്ങുന്നതിന് നടപ്പിലാക്കിയ പ്രോജക്ടാണിത്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി സ്ഥാപനത്തിൽ ഇൻവെർട്ടർ സ്ഥാപിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ 13.06.2024 തീയതിയിലെ 21/2024 ജി.എച്ച്.ഡി.കെ നമ്പർ കത്ത് പ്രകാരം Detailed Estimate ലഭ്യമാക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ, പിഡബ്ല്യുഡി ഇലക്ട്രിക്കൽ സെക്ഷൻ, കണ്ണൂർ-നോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ 14.01.2025 തീയതിയിലെ PWD/BLDG/EST/173/2024-6-1-1 നമ്പർ കത്ത് പ്രകാരം ₹8,0000 യുടെ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ല്യുഡി ഇലക്ട്രിക്കൽ സബ് ഡിവിഷൻ, തലശ്ശേരി ലഭ്യമാക്കിയിരുന്നു. പ്രസ്തുത കത്തിൽ പ്രോജക്ട് Deposit Work ആയി നിർവ്വഹിക്കുന്നതിനായി എസ്റ്റിമേറ്റ് തുക എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രിക്കൽ വിഭാഗം, കണ്ണൂർ-2 എന്ന മേൽവിലാസത്തിൽ ട്രഷറിയിൽ ഒടുക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ട്രഷറി അക്കൗണ്ടിലേക്ക് 19.03.2025 തീയതിയിൽ ₹8,0000 കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടത് സംബന്ധിച്ച് 26.07.2025 ന് നൽകിയ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കൈമാറിയ തുകയുടെ വിശദാംശങ്ങൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹8,0000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 കണ്ണപുരം ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - 91446 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രൊജക്ട് നമ്പർ, പേര് | 30/25<br>ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹200000-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് (ബിൽ നമ്പർ/ തീയതി) | ₹200000 (152/24.09.2024) |

മേൽ പദ്ധതി പ്രകാരം ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ₹200000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ (ഹോംകോ)

അക്കൗണ്ടിലേക്ക് (A/C No: 34306403911) കൈമാറിയിട്ടുണ്ട്. ₹200000യിൽ ₹108554 യുടെ മരുന്ന് 30.06.2025 തീയതിയിലെ LF-552 നമ്പർ ഇൻവോയിസ് പ്രകാരം ലഭ്യമായിട്ടുണ്ട്. ബാക്കി ₹91446യുടെ മരുന്ന് ലഭ്യമാക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടത് സംബന്ധിച്ച് 26.07.2025 ന് നൽകിയ 15ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബാക്കി മരുന്ന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോയിലക്ക് കത്തയച്ചിട്ടുണ്ടെന്നും എത്രയും പെട്ടെന്ന് മരുന്നുകൾ ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ബാക്കി മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹91446യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 കാലാവധി ദീർഘിപ്പിച്ചു നൽകുന്നത് ക്രമപ്രകാരമല്ല

കേരള പൊതു മരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112പ്രകാരം ഒരു പ്രവൃത്തിയുടെ പൂർത്തീകരണകാലാവധി 25% വീതമുള്ള രണ്ടു തവണകളിലായി പരമാവധി 50% മാത്രമാണ് ഭരണസമിതി അംഗീകാരത്തോടെ ദീർഘിപ്പിച്ചു നൽകാവുന്നത്. എന്നാൽ ചുവടെ കാണിച്ച പ്രവൃത്തിയ്ക്ക് ആയതിന് വിരുദ്ധമായി കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

1.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര്&നം | 134/25 പൂമാലക്കടവ് പൊട്ടിബസാർ റോഡ് ഡ്രൈനേജ് നിർമാണം |
| അടങ്കൽ | 1202031 മെയിന്റയിനൻസ് റോഡ് |
| കരാറുകാരൻ | മുഹമ്മദ് റഷീദ്.സി.പി |
| കരാർ നമ്പർ തീയതി | 12/AE/LID&EW/KNPM/23-24 Dtd 29-11-23 |
| പി എ സി തുക | 1265901 |
| ചെലവ് | 938824 357/6-3-25<br>52494 443/21-3-25<br>ആകെ ചെലവ് തുക 991318 |

2023-24 വർഷത്തിൽ ആരംഭിച്ച പൂമാലക്കടവ് പൊട്ടിബസാർ റോഡ് ഡ്രൈനേജ് നിർമാണം എന്ന പ്രൊജക്ടിന്റെ നിർവ്വഹണത്തിനു വേണ്ടി കരാറുകാരനുമായി 29-11-23 ന്, 6 മാസത്തിനകം 2-5-24 ന് പ്രവൃത്തി പൂർത്തീകരിക്കാനായി കരാർ ചമച്ചിട്ടുണ്ട്. എന്നാൽ ആയതിനു ശേഷം വിവിധ കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല എന്ന് അറിയിച്ചുകൊണ്ട് 11-2-2025 ന് കരാറുകാരൻ അപേക്ഷ നൽകുകയും അസിസ്റ്റന്റ് എഞ്ചിനീയറുടെ ശിപാർശ കൂടാതെ അഭാവത്തിൽ 13-02-25ലെ ഭരണസമിതി തീരുമാനപ്രകാരം 20-03-25 വരെ പ്രവൃത്തി പിഴ കൂടാതെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ആയതു സംബന്ധിച്ച അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. കരാറുകാരന്റെ അപേക്ഷ, പൂർത്തീകരണ കാലാവധി കഴിഞ്ഞ് 8 മാസം കഴിഞ്ഞ് മാത്രമാണ് നൽകിയത്. പൂർത്തീകരണ കാലാവധിയ്ക്ക് മുൻപ് ദീർഘീകരണത്തിനായി അപേക്ഷിക്കണം എന്നത് പാലിച്ചിട്ടില്ല.
2. കാലാവധി ദീർഘീകരിക്കുന്നതിനു വേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ ശിപാർശ ചെയ്തിട്ടില്ല.
3. 25% വീതം രണ്ട് തവണകളിലായി 50% (3 മാസം) കാലാവധി മാത്രമേ ദീർഘിപ്പിച്ചു നൽകാവൂ എന്നിരിക്കെ 9 മാസം കാലം ദീർഘിപ്പിച്ചു നൽകിയത് ക്രമ പ്രകാരമല്ല.
4. 9 മാസം കാലത്തേക്ക് പിഴ ഒഴിവാക്കി നൽകിയത് ക്രമ പ്രകാരമല്ല.

ഇത് സസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക് (21/28-07-25) ലഭ്യമാക്കിയ മറുപടിയിൽ പിഴ ഈടാക്കാത്തതിന് വ്യക്തമായ മറുപടി നൽകിയിട്ടില്ല. പരിശോധിച്ച് അർഹമായ പിഴ ഈടാക്കേണ്ടതാണ്.

2.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര്&നം | 151/25 പൂമാലക്കാവ് പൊന്നച്ചിതോട് കം- ഡ്രൈനേജ് നവീകരണം |

| | |
|---|---|
| അടങ്കൽ | 238330 വികസന ഫണ്ട് ജനറൽ<br>505022 തനതു ഫണ്ട് |
| കരാറുകാരൻ | എം.പി.കൃഷ്ണൻ |
| കരാർ നമ്പർ തീയതി | 24/AE/LID&EW/KNPM/23-24 Dtd 12-1-24 |
| പി എ സി തുക | 629959 |
| ചെലവ് | 238330 414/17-3-25വികസന ഫണ്ട് ജനറൽ<br>504996 Allotment No.426/15-3-25 തനതു ഫണ്ട് |

2023-24 വർഷത്തിൽ ആരംഭിച്ച പൂമാലക്കാവ് പൊന്നച്ചിതോട് കം- ഡ്രൈനേജ് നവീകരണംഎന്ന പ്രൊജക്ടിന്റെ നിർവഹണത്തിനു വേണ്ടി കരാറുകാരനുമായി 12-01-24 ന്, 6 മാസത്തിനകം 2o-07-24 ന് പ്രവൃത്തി പൂർത്തീകരിക്കാനായി കരാർ ചമച്ചിട്ടുണ്ട്. എന്നാൽ ആയതിനു ശേഷം വിവിധ കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല എന്ന് അറിയിച്ചുകൊണ്ട് കരാറുകാരൻ അപേക്ഷ നൽകുകയും (തീയതി ഇല്ല) അസിസ്റ്റന്റ് എഞ്ചിനീയറുടെ 13-02-25ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 13-02-25ലെ ഭരണസമിതി തീരുമാനപ്രകാരം 31-03-25 വരെ പ്രവൃത്തി പിഴ കൂടാതെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ആയതു സംബന്ധിച്ച അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പൂർത്തീകരണ കാലാവധി കഴിഞ്ഞ് 7മാസം കഴിഞ്ഞ് മാത്രമാണ് കാലാവധി ദീർഘിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പൂർത്തീകരണ കാലാവധിയ്ക്ക് മുൻപ് കാലാവധി ദീർഘീകരണത്തിനായി നടപടികൾ സ്വീകരിക്കണം എന്നത് പാലിച്ചിട്ടില്ല

2. 25% വീതം രണ്ട് തവണകളിലായി 50% (പരമാവധി 6 മാസം) കാലാവധി മാത്രമേ ദീർഘിപ്പിച്ചു നൽകാവൂ എന്നിരിക്കെ 8 മാസം കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമ പ്രകാരമല്ല

3. 8 മാസം കാലത്തേക്ക് പിഴ ഒഴിവാക്കി നൽകിയതും ക്രമ പ്രകാരമല്ല

ഇത് സസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/30-07-25 ന് ലഭ്യമാക്കിയ മറുപടിയിൽ പിഴ ഈടാക്കാത്തതിന് വ്യക്തമായ മറുപടി നൽകിയിട്ടില്ല.
മേൽ രണ്ട് പ്രവൃത്തികളിലും പിഴ ഈടാക്കാതെ ക്രമ വിരുദ്ധമായി പ്രവൃത്തി കാലാവധി ദീർഘിപ്പിച്ചുനൽകിയത് സംബന്ധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കുന്നതിൽ വീഴ്ച.

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നു കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
കണ്ണപുരം ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രം ചെറുകുന്ന്, പ്രാഥമിക ആരോഗ്യകേന്ദ്രം കണ്ണപുരം, ആയുർവേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങളുടെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടത് സംബന്ധിച്ച് 26.07.2025 ന് നൽകിയ 14ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

**1) മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം ചെറുകുന്ന്.**

കുടുംബാരോഗ്യ കേന്ദ്രം ചെറുകുന്നിന്റെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കാത്തത് അറിവില്ലായ്മ കൊണ്ടാണെന്നും വരവ് ചെലവ് കണക്കുകൾ ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്.

**2) മെഡിക്കൽ ഓഫീസർ, പ്രാഥമിക ആരോഗ്യകേന്ദ്രം കണ്ണപുരം**

പ്രാഥമികാരോഗ്യ കേന്ദ്രം ചെറുകുന്നിന്റെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കാത്തത് അറിവില്ലായ്മ കൊണ്ടാണെന്നും വരവ് ചെലവ് കണക്കുകൾ ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്.

**3) മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി**

ആയുർവേദ ഡിസ്പെൻസറിയുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ 2016-17 വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും 2017-18 മുതലുള്ള കണക്കുകൾ ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്.

**4) മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി**

ഹോമിയോ ഡിസ്പെൻസറിയുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ 2023-24 വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും 2024-25 വർഷത്തെ ഓഡിറ്റ് ചെയ്യുന്നതിനായി ഹാജരാക്കിയിട്ടുണ്ടെന്നുമാണ് അറിയിച്ചത്. കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ എത്രയും വേഗം നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-29 ജലജീവൻ മിഷൻ പദ്ധതി -അവലോകനം

എല്ലാ ഗ്രാമീണ വീടുകളിലും 2024 -ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര, സംസ്ഥാന വിഹിതം - 50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം -15%

ഗുണഭോക്തൃവിഹിതം -10%

പദ്ധതിയുടെ ആദ്യഘട്ടത്തിൽ നിലവിലുള്ള കുടിവെള്ളപദ്ധതികളിൽ നിന്നും സാധ്യമായ പരമാവധി കണക്ഷനുകൾ നൽകുന്നതിനും രണ്ടാംഘട്ടത്തിൽ നിലവിലുള്ള പദ്ധതിയുടെ വിപുലീകരണത്തിലൂടെ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമാണ് മുൻഗണന നൽകിയിട്ടുള്ളത്. ജലവിഭവ (ജലവിതരണ സി) വകുപ്പിന്റെ നം.37/2020/തീ.8.6.2020 ഉത്തരവ് പ്രകാരം 5 വർഷത്തേക്കുള്ള പദ്ധതിക്ക് സംയുക്തഭരണാനുമതി നൽകുകയും നിർവഹണസംവിധാനം അംഗീകരിച്ചുകൊണ്ട് സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കാൻ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

<u>കണ്ണപുരം ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ</u>

കേരള ജല അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം കണ്ണപുരം ഗ്രാമ പഞ്ചായത്തിലെ എസ്റ്റിമേറ്റ് കോസ്റ്റ് 654 ലക്ഷം രൂപയാണ്. ഇതിൽ പഞ്ചായത്ത് വിഹിതം 98.1 ലക്ഷം രൂപയും ഗുണഭോക്തൃ വിഹിതം 65.4 ലക്ഷം രൂപയുമാണ്.

പഞ്ചായത്ത് വിഹിതം ഇനത്തിൽ 2020-21 വർഷത്തിൽ 100000 രൂപ ഗ്രാമ പഞ്ചായത്ത് കേരള ജല അതോറിറ്റിക്ക് (മാനേജിംഗ് ഡയറക്ടർ, കെ.ഡബ്ല്യൂ.എ) നൽകിയിരുന്നു. (പ്രോജക്ട് നമ്പർ 204/21) തുടർന്ന് തുകകളൊന്നും കൈമാറിയിട്ടില്ല.

നിർവഹണ സഹായ ഏജൻസിയായ സുസ്ഥിര (പരിയാരം), കണ്ണപുരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, കേരള ജല അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ (വാട്ടർ സപ്ലൈ ഡിവിഷൻ, കണ്ണൂർ) എന്നിവർ ചേർന്ന് ത്രികക്ഷി കരാർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സെക്രട്ടറി ഒഴികെയുള്ള കക്ഷികൾ മാത്രമേ ഒപ്പു വച്ചിട്ടുള്ളൂ. (കരാറിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.)

2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്ഥാപനവിഹിതമായോ ഗുണഭോക്തൃവിഹിതമായോ തുകകളൊന്നും ജല അതോറിറ്റിക്ക് കൈമാറിയിട്ടില്ല. ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ഇനത്തിൽ നാളിതുവരെ തുകകളൊന്നും പിരിച്ചെടുത്തിട്ടുമില്ല. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചുള്ള വിവരങ്ങളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. ഫണ്ടിന്റെ ലഭ്യത കുറവ് മൂലമാണ് പഞ്ചായത്ത് വിഹിതം കൈമാറാത്തതെന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-1/21-07-2025) മറുപടിയിൽ പഞ്ചായത്ത് അറിയിച്ചത്.

ജല ജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തി പുരോഗതി സംബന്ധിച്ചുള്ള വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ജല അതോറിറ്റി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം കണ്ണപുരം ഗ്രാമ പഞ്ചായത്തിൽ നിലവിൽ 2077 ഗാർഹിക കുടിവെള്ള കണക്ഷനുകൾ മാത്രമേയുള്ളൂ. 2668 കണക്ഷനുകൾ നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 കണ്ണപുരം ഗ്രാമപഞ്ചായത്ത് - ഹെൽത്ത് ഗ്രാന്റ് - അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021- 22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ) നം.2132/2022/LSGD തീ. 31.8.2022 പ്രകാരവും 2022-23ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തി 1.9.22, സ.ഉ(സാധാ) നം. 1625/2023/തസ്വഭവ തീ 9-8-2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.5.2023പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗര സ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.

കണ്ണപുരം ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് ഗ്രാന്റ് - വിനിയോഗ വിവരങ്ങൾ.

2021-26 അവാർഡ് കാലയളവിൽ കണ്ണപുരം ഗ്രാമപഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | ഏത് വർഷത്തെ ഗ്രാന്റ് | അലോട്ട്മെന്റ് | | | ചെലവു വിവരം | | | | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | | സ്കീം 1 | സ്കീം 3 | സ്കീം 4 | സ്കീം 1 | സ്കീം 3 | സ്കീം 4 | ആകെ | സ്കീം 1 | സ്കീം 3 | സ്കീം 4 |
| 2021-22 | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 2022-23 | 2021-22 | 0 | 236447 | 110000 | 0 | 235447 | 0 | 235447 | 0 | 1000 | 110000 |
| 2023-24 | 2021-22 | 0 | 0 | 0 | 0 | 0 | 110000 | 110000 | 0 | 1000 | 0 |
| | 2022-23 | 0 | 769000 | 332000 | 0 | 683003 | 326619 | 1009622 | 0 | 85997 | 5381 |
| 2024-25 | 2022-23 | 0 | 0 | 0 | 0 | 85997 | 5381 | 91378 | 0 | 0 | 0 |
| | 2023-24 | 0 | 321000 | 528000 | 0 | 0 | 0 | 0 | 0 | 321000 | 528000 |

സ്കീം 1 ൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് പദ്ധതിക്കാലയളവിൽ തുകയൊന്നും ലഭിച്ചിട്ടില്ല. 2021-22 വർഷം ഹെൽത്ത് ഗ്രാന്റ് തുക ലഭിച്ചിട്ടില്ല. 2021-22 വർഷത്തെ ഗ്രാന്റ് തുക 236447 രൂപയിൽ സ്കീം 3 ലെ ₹235447 രൂപ ആ വർഷം തന്നെ ചെലവഴിച്ചിട്ടുണ്ട്. സ്കീം 4 ലെ ₹110000 രൂപ ആ വർഷം ചെലവഴിച്ചിട്ടിട്ടില്ല പ്രസ്തുത തുക 2023-24 വർഷം ചെലവഴിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ സ്കീം 3 യിൽ ഉൾപ്പെടുത്തി 769000 രൂപയും സ്കീം 4 ൽ ഉൾപ്പെടുത്തി 332000 രൂപയും ഉൾപ്പെടെ 1101000 രൂപയാണ് ലഭിച്ചത്. ഇതിൽ സ്കീം 3 യിൽ 683003 രൂപയും സ്കീം 4 ൽ 326619 രൂപയും ആ വർഷം തന്നെ ചെലവഴിച്ചിട്ടുണ്ട്. സ്കീം 3 യിൽ ബാക്കി വന്ന 85997 രൂപയും സ്കീം 4 ൽ ബാക്കി വന്ന 5381 രൂപയും 2024-25 വർഷം ചെലവഴിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ സ്കീം 3 യിൽ ഉൾപ്പെടുത്തി 321000 രൂപയും സ്കീം 4 ൽ ഉൾപ്പെടുത്തി 528000 രൂപയും ഉൾപ്പെടെ 849000 രൂപയാണ് ലഭിച്ചത്. ഈ തുക ചെലവായിട്ടില്ല.

ഹെൽത്ത് ഗ്രാന്റ്- ഏറ്റെടുത്ത പദ്ധതികൾ ഹെൽത്ത് ഗ്രാന്റ് ചെലവഴിക്കുന്നതിനായി ഏറ്റെടുത്ത പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | ഏത് | പദ്ധതിയുടെ | അലോ | ചെലവ് വിവരം | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|

| | വർഷത്തെ ഗ്രാന്റ് | പേര് | ട്ട്മെന്റ് | 2022-23 | 2023-24 | 2024-25 | | |
|---|---|---|---|---|---|---|---|---|
| 2021-22 | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2022-23 | 2021-22 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (പ്രൊജക്ട് നം.151/23) | 236447 (സ്കീം3) | 235447 | 0 | 0 | 235447 | ബാലൻസ് 1000 |
| 2022-23 | 2021-22 | കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ (പ്രൊജക്ട് നം.152/23) | 110000 (സ്കീം4) | 0 | 110000 | 0 | 110000 | മുഴുവൻ ചെലവഴിച്ചു. |
| 2023-24 | 2022-23 | ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (പ്രൊജക്ട് നം.165/24) | 769000 (സ്കീം3) | 0 | 683003 | 85997 | 769000 | മുഴുവൻ ചെലവഴിച്ചു. |
| | | കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ (പ്രൊജക്ട് നം.166/24, 167/24) | 332000 (സ്കീം4) | 0 | 326619 | 5381 | 332000 | മുഴുവൻ ചെലവഴിച്ചു. |
| 2024-25 | 2023-24 | ആരോഗ്യസ്ഥാപനങ്ങളിലേക്ക് രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ (പ്രൊജക്ട് നം.209/25) | 321000 (സ്കീം3) | 0 | 0 | 0 | 0 | ചെലവഴിച്ചില്ല |
| | | ആരോഗ്യ കേന്ദ്രങ്ങളിലെ ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ (പ്രൊജക്ട് നം.211/25, 212/25) | 528000 (സ്കീം4) | 0 | 0 | 0 | 0 | ചെലവഴിച്ചില്ല |

ഹെൽത്ത് ഗ്രാന്റ് നീക്കിയിരിപ്പ് വിവരം

ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ) ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | മുന്നിരിപ്പ് | വരവ് (പലിശ ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3) | 86997 | 321000+18038 =339038 | 426035 | 85997 | 340038 |
| ആരോഗ്യകേന്ദ്രങ്ങളിലെ ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ (സ്കീം 4) | 5381 | 528000+9870 =537870 | 543251 | 5381 | 537870 |

ഹെൽത്ത് ഗ്രാന്റ് - സൃഷ്ടിച്ച ആസ്തികൾ: ഹെൽത്ത് ഗ്രാന്റ് ഉപയാഗിച്ച് ഇതുവരെ ആസ്തികളൊന്നും സൃഷ്ടിച്ചിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് വിവരങ്ങൾ

**എ) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

(01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 17 | 67500 | 67500 | 0 | ഇല്ല |

ബി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.20204 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല. | | | | |

**സി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | | | | |

**ഡി) മെഡിസെപ് പ്രീമിയം ഒടുക്ക് (01/08/2024 മുതൽ 31/03/2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസ്സിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 02/2025 | 1000 | ഒടുക്കിയിട്ടില്ല | 1000 | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | വാർഷികകണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി |
|---|---|---|
| 2024-25 | 21-07-2025 & 22-07-2025 | കെ.എസ്.എ/കെ.എൻ.ആർ/ സി3/1279/2025 തീയതി: 15-10-2025 |

## 4-3 സംയുക്ത പ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

| സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്/ നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 180,000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- 18/25 | 180,000 | 0 |
| | 353000 | ക്ഷീര കർഷകർക്ക് പാലിന് അധികവില നൽകൽ- 77/25 | 353000 | 0 |
| | 274677 | ക്ഷീര കർഷകർക്ക് പാലിന് അധികവില നൽകൽ-117/25 (സ്പിൽ ഓവർ) | 274677 | 0 |
| | 107390 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-122/25 | 107390 | 0 |
| | 87775 | കിക്കോഫ്-എൽ പി യു പി സ്കൂൾ കുട്ടികൾക്ക് ഫുട്ബോൾ പരശീലനം 174/25 | 87775 | 0 |
| | 182750 | കേരം തിങ്ങും കല്യാശ്ശേരി 201/25 | 182750 | |
| ആകെ | **₹1185592** | | **₹1185592** | |
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 60,000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 18/25 | 60,000 | 0 |
| | 367760 | പാലിയേറ്റീവ് പരിചരണം, 55/25 | 367760 | 0 |

| | | | | |
|---|---|---|---|---|
| | | (സ്പിൽ ഓവർ) | | |
| | 1,60000 | കൈപ്പാട് നെൽകൃഷി വികസനം 65/25 | 1,60000 | 0 |
| | 1,323144 | സമഗ്ര നെൽകൃഷി വികസനം-66/25 | 1,323144 | 0 |
| | 400000 | ക്ഷീര കർഷകർക്ക് പാലിന് അധികവില നൽകൽ- 77/25 | 400000 | 0 |
| | 78342 | പാലിയേറ്റിവ് പരിചരണം-119/25 | 78342 | 0 |
| | 520000 | ലൈഫ് ഭവന പദ്ധതി ജനറൽ- 126/25 | 520000 | 0 |
| | 1488792 | പുഞ്ചവയൽ കുറുന്തോട്ടിക്കുളം നവീകരണം – 139/25 | 1488792 | 0 |
| ആകെ | ₹43,98,038 | | ₹43,98,038 | |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/ | വൗച്ചർ നമ്പർ, തീയതി | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 2024-25 | പി ഡബ്ല്യു ഡി ഇലക്ട്രിക് സെക്ഷൻ, കണ്ണൂർ | കൃഷി ഭവൻ അടിസ്ഥാന സൗകര്യ വികസനം – ഇൻവെർട്ടർ വാങ്ങൽ 100/25 | 479/ 25.03.2025 | 71800 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 71800 |
| 2024-25 | പി ഡബ്ല്യു ഡി ഇലക്ട്രിക് സെക്ഷൻ, കണ്ണൂർ | കണ്ണപുരം ഗവ ഹോമിയോ ഡിസ്പെൻസറിയിലേയ്ക് ഇൻവെർട്ടർ വാങ്ങൽ 75/25 | 421/17-3-25 | 80000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 80000 |

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2024-25 വർഷം വായ്പ ഇനത്തിൽ ₹1650000 വരവ് വന്നിട്ടുണ്ട്. തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശം | സർക്കാർ ഉത്തരവ് നമ്പർ, തീയതി | നാളിതു വരെ എടുത്ത വായ്പ ₹ | വർഷാരംഭ ത്തിൽ തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക ₹ | തൻവർഷം എടുത്ത വായ്പ ₹ | ആകെ | ഓഡിറ്റ് വർഷം തിരിച്ചടച്ച തുക ₹ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ ₹ | വർഷാ വസനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക ₹ |
|---|---|---|---|---|---|---|---|---|
| കെ.യു.ആർ. ഡി.എഫ്.സി ലോൺ ലൈഫ് ഭവന പദ്ധതി | സ.ഉ. (എം.എസ്) നമ്പർ-68/2018 /ത.സ്വ.ഭ.വ തീയതി | 6326831 (1176831+ 3500000+ 1650000) | 2254189 (2754189 ആയിരുന്നു മുൻ വർഷത്തെ | 1650000 | 3904189 | 699323 (ജനറൽ)+ 20000 (എസ്.സി.പി)= 719323* | - | 3184866* |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 18-05-2018 | | ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഉള്ള തുക. ഇതിൽ 500000 സംസ്ഥാന വിഹിതത്തിൽ ഉൾപ്പെട്ടതായതിനാൽ ജേണൽ ചെയ്ത് കുറവ് ചെയ്തു)* | | | | | |

*കുറിപ്പ്: എസ് സി പി ഫണ്ടിൽ നിന്നും സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക ഗ്രാമപഞ്ചായത്തിന്റെ വായ്പ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. എസ് സി പി പദ്ധതികൾക്കായി ലോൺ എടുത്തിട്ടില്ല എന്നും തെറ്റായി കുറവു ചെയ്തതായതിനാലാണ് ഉൾപ്പെടുത്താതിരുന്നത് എന്നുമാണ് ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചത്. ഹഡ്കോ വായ്പയിൽ ജി ഒ പ്രൊജക്ട് ഇനത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ 5,02,190 രൂപ വീതം കുറവു ചെയ്തിരുന്നു. (ആകെ 10,04,380 രൂപ). ഈ തുകകൾ കുറവ് ചെയ്താണ് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക കണക്കാക്കിയത്. ഈ വർഷം 20000 രൂപ ലോൺ തിരിച്ചടവ് ഇനത്തിൽ എസ്.സി.പി. ഫണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക കൂടി കുറവ് ചെയ്താണ് മേൽ പട്ടികയിൽ അവശേഷിക്കുന്ന തുക കണക്കാക്കിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക പ്രകാരം 31.03.2025 തീയതിയിലെ ലോൺ ബാധ്യത 4225135 രൂപയാണ്. തൻവർഷം ലോൺ തുകയ്ക്ക് ലഭിച്ച ബാങ്ക് പലിശ ഇനത്തിൽ ലഭിച്ച 13436 രൂപയും ചേർത്താണ് ബി5 ഷെഡ്യൂളിൽ ബാധ്യത കണക്കാക്കിയത്. മുൻ വർഷങ്ങളിൽ ബാങ്ക് പലിശ ഇപ്രകാരം കൂട്ടിച്ചേർത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ബാലൻസ് ഷീറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. എസ്.സി.പി.ഫണ്ടിൽ നിന്നും കുറവ് ചെയ്ത തുക സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്).

## 4-6 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-7 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിലെ സ്ഥിരനിക്ഷേപങ്ങളുടെയും ഷെയർ സർട്ടിഫിക്കറ്റുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം /ഷെയർ | ₹40,34,355* |
| തൻവർഷം നിക്ഷേപിച്ച തുക (പുതിയ നിക്ഷേപങ്ങൾ) | |
| തൻവർഷം നിക്ഷേപിച്ച പലിശ | ₹354041 (പലിശ ചേർത്ത് പുതുക്കിയത്) |
| ആകെ | ₹4388396 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹4388396 |

*മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പ് സൊസൈറ്റി ലിമിറ്റഡിൽ ഉള്ള 20,000/- രൂപയുടെ ഷെയറുകൾ ഉൾപ്പെടെ

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം (അക്കൗണ്ട് നമ്പർ) | തുക ₹ | പുതുക്കിയ തീയതി/ അക്കൗണ്ട് ആരംഭിച്ച തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | മാടായി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ് നം-എഫ്-1233, കണ്ണപുരം ശാഖ (എഫ് ഡി നമ്പർ 0302111120201) | 3321900 | 3-3-2025 | പലിശ 8.25% പുതുക്കേണ്ട തീയതി-26-2-2026 |
| 2 | കണ്ണപുരം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ- LL-135 (എഫ് ഡി നമ്പർ 0502111304812) | 1046496 | 2-04-2024 | പലിശ 8.25% 2-04-2025 |
| ആകെ | | 4368396 | | |

ഷെയറുകളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനം | തുക ₹ | നമ്പർ |
|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോ ഓപ്പ. ലിമിറ്റഡ്, 10,000/-രൂപയുടെ രണ്ട് ബി ക്ലാസ് ഷെയറുകൾ- | 20,000 | മെമ്പർ നമ്പർ-35, സർട്ടിഫിക്കറ്റ് നമ്പർ 182/20.09.2004 |
| ആകെ ഷെയറുകൾ | | 20000 | |
| ആകെ (സ്ഥിര നിക്ഷേപങ്ങൾ+ ഷെയറുകൾ) | | 4388396 | |

## 4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയതായി പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയ വിവിധ തുകകൾ ഓഡിറ്റ് റിക്കവറി രജിസ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2024-25 വർഷത്തിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ തുക വരവ് വന്നതായി രജിസ്ററിലോ വാർഷികകണക്കുകളിലോ പ്രതിപാദിച്ചിട്ടില്ല. ഓഡിറ്റ് റിക്കവറി സംബന്ധിച്ച് യഥാർത്ഥ വിവരം ലഭ്യമാക്കേണ്ടതാണ്.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-4 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ | നിയമസഭാ |

| | | | | | |
|---|---|---|---|---|---|
| | | | | – പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം | സമിതിയുടെ പരിഗണനയിൽ |
| 2010-11,11-12 | 3-16(1) | 2013-14 | 6-4 | തെരുവു വിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-3 | 2016-17 | 1 | വസ്തു നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-4 | 2016-17 | 2 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2019-20 | 1-16 | 2020-21 | പേജ് 348 അനുബന്ധം1 | സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2019-20 | 1-18 | 2020-21 | പേജ് 355 അനുബന്ധം2 | മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2020-21 | 1-14 | 2021-22 | അനുബന്ധംI | 250 ചതുരശ്ര മീറ്ററിലും കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് നമ്പർ നൽകുമ്പോൾ നികുതിയിൽ കുറവു വരുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹4,23,28,612 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹3,56,61,124 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹961110 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-17 | 71800 | ശ്രീ.യു.പ്രസന്നൻ, കൃഷി ഓഫീസർ |
| 1-18 | 194538 | ശ്രീ.യു.പ്രസന്നൻ, കൃഷി ഓഫീസർ |
| 1-19 | 10000 | ശ്രീ.ശിവജി.സി.കെ, ഹെഡ്മാസ്ററർ |
| 1-20 | 100000 | ശ്രീ.പി.ബാബുരാജ്, സെക്രട്ടറി |
| 1-21 | 53210 | ശ്രീ.പി.ബാബുരാജ്, സെക്രട്ടറി |
| 1-22 | 347201 | ഡോ.രാജേശ്വരി രാജ്, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1-23 | 4200 | ഡോ.രാജേശ്വരി രാജ്, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1 -24 | 8715 | ശ്രീമതി.സന്ധ്യ കുമാരി.എ, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1- 25 | 80000 | ഡോ.എ.വിജയ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1- 26 | 91446 | ഡോ.എ.വിജയ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| **ആകെ** | ₹9,61,110 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്ററെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.യു.പ്രസന്നൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കണ്ണപുരം ഗ്രാമപഞ്ചായത്ത് | ഉക്കണ്ടിയിൽ ഹൗസ്, അമ്പലപ്പുറം, ചെറുകുന്ന്.പി.ഒ. |
| ശ്രീ.ശിവജി.സി.കെ, ഹെഡ്മാസ്ററർ | ഹെഡ്മാസ്ററർ, ഗവ.എൽ പി സ്കൂൾ, ചെറുവാച്ചേരി. | ഇന്ദീവരം, നരിക്കാം വള്ളി.പി.ഒ, പിലാത്തറ |
| ശ്രീ.പി.ബാബുരാജ്, സെക്രട്ടറി | സെക്രട്ടറി, കണ്ണപുരം ഗ്രാമപഞ്ചായത്ത് | പൊടിക്കളത്തിൽ ഹൗസ്, മലപ്പട്ടം.പി.ഒ, മലപ്പട്ടം |
| ഡോ.രാജേശ്വരി രാജ്, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | മെഡിക്കൽ ഓഫീസർ,സി എച്ച് സി | ശ്രീ നിഹാരം, കുറുവ, കടലായി.പി ഒ. കണ്ണൂർ |
| ശ്രീമതി.സന്ധ്യ കുമാരി.എ, ഐ സി ഡി എസ് സൂപർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, കണ്ണപുരം ഗ്രാമപഞ്ചായത്ത് | ആലിങ്കീൽ, പള്ളിക്കര സൗത്ത്, പി.ഒ.താവം, ചെറുകുന്ന് |
| ഡോ.എ.വിജയ, മെഡിക്കൽ | ഹോമിയോ ഡിസ്പെൻസറി, | അളകനന്ദ, അലവിൽ.പി.ഒ, |

| | | |
|---|---|---|
| ഓഫീസർ, ഹോമിയോ | ചെറുകുന്ന് | കണ്ണൂർ |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ എണ്ണം |
|---|---|---|
| 2007-08 | കെ.എസ്.എ/ കെ.എൻ.ആർ/സി.3/ 858/2025 തീയതി: 03.07.2025 | 1 |
| 2008-09 | കെ.എസ്.എ/ കെ.എൻ.ആർ/സി.3/ 858/2025 തീയതി: 03.07.2025 | 1 |
| 2010-11, 2011-12 | കെ.എസ്.എ/ കെ.എൻ.ആർ/സി.3/ 858/2025 തീയതി: 03.07.2025 | 1 |
| 2013-14, 2014-15 | കെ.എസ്.എ/ കെ.എൻ.ആർ/സി.3/ 858/2025 തീയതി: 03.07.2025 | 2 |
| 2015-16 | കെ.എസ്.എ/ കെ.എൻ.ആർ/സി.3/ 858/2025 തീയതി: 03.07.2025 | 2 |
| 2017-18 | കെ.എസ്.എ/ കെ.എൻ.ആർ/സി.3/ 858/2025 തീയതി: 03.07.2025 | 1 |
| 2018-19 | കെ.എസ്.എ/ കെ.എൻ.ആർ/സി.3/ 858/2025 തീയതി: 03.07.2025 | 1 |
| 2019-20 | കെ.എസ്.എ/ കെ.എൻ.ആർ/സി.3/ 858/2025 തീയതി: 03.07.2025 | 3 |
| 2020-21 | കെ.എസ്.എ/ കെ.എൻ.ആർ/സി.3/ 858/2025 തീയതി: 03.07.2025 | 15 |
| 2021-22 | കെ.എസ്.എ/ കെ.എൻ.ആർ/സി.3/ 858/2025 തീയതി: 03.07.2025 | 4 |
| 2022-23 | കെ.എസ്.എ/ കെ.എൻ.ആർ/സി.16/ 1946/2023 തീയതി: 15.01.2024 | 28 |
| 2023-24 | കെ.എസ്.എ/ കെ.എൻ.ആർ/ സി.3/1797/2024 തീയതി: 06.01.2025 | 27 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 130/2025 dated 130/2025 dated 10-06-2025 and submitted on 10-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kannapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kannapuram Grama Panchayat as on 31-03-2025

**Date: 15/10/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kannapuram Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1) Lapses in making timely and accurate demand entries in respect of tax and non tax revenue.

2) Amount deducted at source from Development fund SCP towards loan recovery is not reflected in the liability head. It was explained that the amount is shown as expenditure as there is no loan liability in SCP head. Steps may be taken to adjust the amount.

3) B-18 Shedule is Incomplete.

4) Part bill amounts not included in B-11(b) Shedule.

5) Physical Verfication of stock is not done.

6) Cash flow statement -ÂÂ net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

7) The following mandatory financial statement prescribed in Kerala Panchayath Raj Accounting Rules 2011 are not submitted for audit.

Basic Ratios

8) Comparative amounts for the preceding year, prescribed in rule 62(3) of the Kerala Panchayat Raj Accounting rules 2011 not recorded in AFS.

9) Asset Register is not updated.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3
# വാർഷിക ധനകാര്യ പത്രികകൾ

**RECEIPT & PAYMENT STATEMENT**

| | | | |
|---|---|---|---|
| **Kannapuram Grama Panchayat**<br>**RECEIPT & PAYMENT STATEMENT** | | | |
| For the period from 01-April-2024 to 31-March-2025 | | | |
| Code.No. | Description of Items | Schedule No. | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 7741929.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1481980.00 |
| 140000000 | Fees & User Charges | RP-4 | 1988084.00 |
| 150000000 | Sale & Hire Charges | RP-5 | 10109.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 12847187.00 |
| 171000000 | Interest Earned | RP-9 | 165233.00 |
| 190000000 | Prior Period Income | RP-11 | 67448.00 |
| 311000000 | Earmarked Funds | RP-28 | 1320.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 16432884.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6368056.00 |
| 460000000 | Loans, Advances and Deposits | RP-49 | 177577.00 |
| | **Non Operating** | | |

| | | | |
|---|---|---|---|
| 180000000 | Other Income | RP-10 | 15119.00 |
| 330000000 | Secured Loans | RP-31 | 1663436.00 |
| 340000000 | Deposits Received | RP-33 | 158850.00 |
| 350000000 | Other Liabilities | RP-35 | 951329.00 |
| | **Grand total** | | **50070541.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 35000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 224644.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5160529.00 |
| 460000000 | Loans, Advances and Deposits | RP-49 | 294848.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 56609.00 |
| 350000000 | Other Liabilities | RP-35 | 29889494.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 14409417.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **50070541.00** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

**INCOME & EXPENDITURE STATEMENT**

| **Kannapuram Grama Panchayat INCOME & EXPENDITURE STATEMENT** | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No. | Description of Items | Schedule No. | Amount |
| | **INCOME** | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | I-1 | 6671238.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 412016.00 |
| 140000000 | Fee & User Charges | I-4 | 2318871.00 |
| 150000000 | Sale & Hire Charges | I-5 | 13059.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 133468509.00 |
| 170000000 | Income from Investments | I-7 | 354041.00 |
| 171000000 | Interest Earned | I-8 | 165233.00 |
| 180000000 | Other Income | I-9 | 15119.00 |
| | **Total Income** | | **143418086.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 10699966.00 |
| 220000000 | Administrative Expenses | I-11 | 885095.00 |
| 230000000 | Operations & Maintenance | I-12 | 1092441.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector/Programme Expenses | I-14 | 12107622.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 24903222.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 375652.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 17440656.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 55905000.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1012870.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 1625.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 15027507.00 |
| | **Total Expenditure** | | **139452305.00** |
| | **Gross Surplus/Deficit of income over Expenditure** | | **3965781.00** |

| | | | |
|---|---|---|---|
| | **Prior period income** | I-19 | **4791.00** |
| 290000000 | Transfer to Reserve Funds/Prior Period Item (ILGMS) | I-18 | -24784479.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) – I19 – I18** | | **-24736788.00** |
| | **Gross Surplus(Deficit) of income over Expenditure – after prior period items** | | **-20771007.00** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

**BALANCE SHEET**

| Kannapuram Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2025 | | | |
| Code.No. | Description of Items | Schedule No. | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 38882192.00 |
| 311000000 | Earmarked Funds - Special Funds/ Sinking Fund/Trust or Agency Fund | B-2 | 7050.00 |
| 312000000 | Reserves | B-3 | 41336569.00 |
| | **Total Reserve & Surplus** | | **80225811.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8232941.00 |
| | **Total Grants, Contributions for Specific Purposes** | | **8232941.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 4225135.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **4225135.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 167972.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1663932.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **1831904.00** |
| | **TOTAL LIABILITIES** | | **94515791.00** |

| | | | |
|---|---|---|---|
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1529276.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2288370.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 12618389.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 106768867.00 |
| 416000000 | Accumulated Depreciation | B-11(a) | -53926767.00 |
| | **Total Fixed Assets** | | **69278135.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 4388396.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **4388396.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5257244.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 14409417.00 |
| 460000000 | Loans, Advances and Deposits | B-18 | 1182599.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **20849260.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **94515791.00** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ